**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7226** | **03.11.2011 ൽ മറുപടിക്ക്** |

<u>**വിദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകളുടെ തൊഴിൽ സുരക്ഷിതത്വം**</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. കെ.സി. ജോസഫ് (ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകൾ തൊഴിൽ തട്ടിപ്പിനും മറ്റു വിധ ചൂഷണങ്ങൾക്കും വിധേയരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകൾ തൊഴിൽ തട്ടിപ്പിനും മറ്റു വിധ ചൂഷണങ്ങൾക്കും വിധേയമാകുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. ആയത് അതാത് എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവരുകയും വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. |
| (ബി) | വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തുവരുന്ന സ്ത്രീകളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (ബി) | വിദേശത്ത് തൊഴിൽ മേഖലയിൽ ബുദ്ധിമുട്ടുന്നവരുടെ പരാതി എംബസ്സികളുടെ ശ്രദ്ധയിൽകൊണ്ടുവന്നു പരിഹരിക്കുന്നു. പുതുതായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിദേശ ജോലിസ്ഥലങ്ങളിൽ കുടുങ്ങിയ വീട്ടുജോലിക്കാരായ സ്ത്രീകളെയും മറ്റ് പ്രവാസികളെയും അടിയന്തിരമായി എംബസ്സികളിലേക്കു എത്തിക്കുന്നതിന് വേണ്ടുന്ന വാഹന സൗകര്യം ലഭ്യമാക്കുന്നതിനും നിയമസഹായം നൽകുന്നതിനും എംബസ്സികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് പദ്ധതിയിടുന്നു. |

സെക്ഷൻ ഓഫീസർ